നം. ഇ 2-16539/2015/ഡി.ഐ.എം.എസ്

*"ഭരണഭാഷ - മാതൃഭാഷ"*
ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം - 14.
തീയതി - 19.08.2015.

# അറിയിപ്പ്/നോട്ടീസ്

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-ജീവനക്കാര്യം - എംപാനൽഡ് ആശുപത്രികളിലെ ബില്ലുകളും ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സമെന്റ് ബില്ലുകളും ചികിത്സാ അഡ്വാൻസ് ബില്ലുകളും കൈകാര്യം ചെയ്യുന്നതിനായി വകുപ്പിൽ നിന്നും വിരമിച്ച പരിചയ സമ്പന്നരായ ക്ലാർക്ക്/ഫാർമസിസ്റ്റുമാരെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച അറിയിപ്പ്.

സൂചന - 22/07/15ൽ കൂടിയ ഇ.എസ്.ഐ കേരള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രണ്ടാം യോഗത്തിന്റെ തീരുമാനം.

............

ഇ.എസ്.ഐയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ബില്ലുകൾ ഐ.പികളുടെ മെഡിക്കൽ റീഇംബേഴ്സമെന്റ് ബില്ലുകൾ ചികിത്സാ അഡ്വാൻസ് ബില്ലുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും റിട്ടയർ ചെയ്തതും പരിചയ സമ്പന്നരുമായ 15 ജീവനക്കാരെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നതിന് 22-07-2015-ൽ കൂടിയ കേരള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രണ്ടാം യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. കേരളത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേയ്ക്കാണ് ജീവനക്കാരെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിനവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത്.

1. ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം - 3 പേർ
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ദക്ഷിണ മേഖല, കൊല്ലം - 1
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, മദ്ധ്യ മേഖല, എറണാകുളം - 1
4. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വടക്കൻ മേഖല, കോഴിക്കോട് - 1
5. ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട - 1
6. ഇ.എസ്.ഐ ആശുപത്രി, വടവാതൂർ - 1
7. ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ - 1
8. ഇ.എസ്.ഐ ആശുപത്രി, എറണാകുളം - 1
9. ഇ.എസ്.ഐ ആശുപത്രി, ഒളരിക്കര - 1
10. ഇ.എസ്.ഐ ആശുപത്രി, മുളംകുന്നത്തുകാവ് - 1
11. ഇ.എസ്.ഐ ആശുപത്രി, ഫറോക്ക് - 1
12. ഇ.എസ്.ഐ ആശുപത്രി, പാലക്കാട് - 1
13. ഇ.എസ്.ഐ ആശുപത്രി, തോട്ടട - 1

ആകെ ------------- - 15 എണ്ണം

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ തല്പരരായ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ക്ലാർക്ക്/ഫാർമസിസ്റ്റ് തസ്തികകളിൽ നിന്നോ അവയുടെ പ്രമോഷൻ തസ്തികകളിൽ നിന്നോ വിരമിച്ചവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിൽ വച്ച് 01-09-2015 11 മണിയ്ക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നു.

അഭിമുഖത്തിൽ പങ്കെടുക്കുന്നവർ, തങ്ങളുടെ അപേക്ഷയും ബയോഡാറ്റയും ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ വിവരവും, കേരള സർക്കാർ നിരക്കിലുള്ള ദിനവേതന വ്യവസ്ഥയിൽ ജോലി ചെയ്യാൻ തയ്യാറാണെന്നുള്ള സമ്മതപത്രവും ഉൾപ്പെടെ 01-09-2015 ചൊവ്വാഴ്ച രാവിലെ 11 മണിയ്ക്ക് ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസിന് മുമ്പാകെ ഹാജരാകേണ്ടതാണ്.

ഡോ. എം. ബീനത്ത്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ.

പകർപ്പ്:-

1. നോട്ടീസ് ബോർഡ്.
2. Insurance Medical Services Website. (www.imskerala.gov.in)
3. പബ്ലിക്ക് റിലേഷൻസ് വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ് (പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
4. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/ ഉത്തര മേഖല, കോഴിക്കോട്.
5. ഡെപ്യൂട്ടി ഡയറക്ടർ ഹോമിയോ/ആയുർവേദ.
6. എല്ലാ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാരും.
7. ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ/സൂപ്രണ്ട് ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട.
8. ബി2 സെക്ഷൻ.
9. ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ.

Fkk. 20-08-15.